**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 മാർച്ച് 1**

---

## ഇക്കണോമിക്സ് ദിനം ആചരിച്ചു

എം.ജി സർവകലാശാലയിലെ കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിൻറെ ആഭിമുഖ്യത്തിൽ ഇക്കണോമിക്സ് ദിനവും 2020-22ലെ പി.ജി. ബിരുദദാന ചടങ്ങും സംഘടിപ്പിച്ചു. കൺവെർജൻസ് അക്കാഡമിയ കോംപ്ലക്സിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വകുപ്പിൻറെ ന്യൂസ് ലെറ്ററും മാഗസിനും അദ്ദേഹം പ്രകാശം ചെയ്തു.

കെ.എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് ഡയറക്ടർ ഡോ. ജോണി ജോൺസൻ, ജോയിൻറ് ഡയറക്ടർ പ്രഫ. ഡോ. വി മാത്യു കുര്യൻ, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ ഡയറക്ടർ പ്രൊഫ. ഡോ. കെ.എം സീതി എന്നിവർ സംസാരിച്ചു.

യൂണിവേഴ്സിറ്റിയിലെ ബാൻഡ് ആയ ഹാർമണിയുടെ സംഗീത പരിപാടിയും ഇതോടനുബന്ധിച്ചു നടന്നു.

(പി.ആർ.ഒ/39/241/2023)

## ആർട്ട് ഓഫ് ഹാപ്പിനെസ്സ്; സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റെൻഷൻ നടത്തുന്ന ആർട്ട് ഓഫ് ഹാപ്പിനെസ്സ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ മലയാളം എഴുതാനും വായിക്കാനും അറിയുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം. കോഴ്സ് ഫീസ് 5200 രൂപ.

താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ഏതെങ്കിലും തിരിച്ചറിയൽ രേഖ, കോഴ്സ് ഫീസ് എന്നിവ സഹിതം

മാർച്ച് ഏഴിന് ഡിപ്പാർട്ട്മെൻറിൽ എത്തിച്ചേരണം.

ഫോൺ: 08301000560

(പി.ആർ.ഒ/39/242/2023)

## ബി.ടെക്ക് പരീക്ഷകൾ

ഒന്ന്, രണ്ട് സെമസ്റ്ററുകൾ ബി.ടെക്ക് (പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷകൾ മാർച്ച് 27ന് തുടങ്ങും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

...............................

ബി.ടെക്ക് (2015 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററി - സീപാസ്) പ്രോഗ്രാമിൻറെ അഞ്ചാം സെമെസ്റ്റർ പരീക്ഷകൾ ഏപ്രിൽ മൂന്നിനും ആറാം സെമെസ്റ്റർ പരീക്ഷകൾ മെയ് മൂന്നിനും തുടങ്ങും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

...............................

മാർച്ച് മൂന്നിന് തുടങ്ങുന്ന നാലാം സെമെസ്റ്റർ ബി.ടെക്ക് (2015 മുതലുള്ള അഡ്മിഷൻ സപ്ലിമെൻററി - സീപാസ്) പരീക്ഷയോടൊപ്പം ഓപ്പറേറ്റിംഗ് സിസ്റ്റം കോൺസെപ്റ്റ്, മൈക്രോപ്രോസസ്സേഴ്സ് ആൻറ് ഇൻററ്‍ഫേസിംഗ് എന്നീ പേപ്പറുകൾ കൂടി ഉൾപ്പെടുത്തി ടൈം ടേബിൾ പരിഷ്ക്കരിച്ചു. പരീക്ഷകൾ യഥാക്രം മാർച്ച് ആറ്, 10 തീയതികളിൽ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/243/2023)

## പരീക്ഷാ ടൈം ടേബിൾ

മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.എ, ബി.കോം (സി.ബി.സി.എസ്.എസ് 2014-2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ടൈം ടേബിൾ മൂന്നാം സെമസ്റ്റർ ബി.എ. പോളിറ്റിക്കൽ സയൻസിൻറെ ഹിസ്റ്ററി-റൂട്ട്സ് ഓഫ് ദ മോഡേൺ വേൾഡ് എന്ന പേപ്പറും നാലാം സെമസ്റ്ററിൻറെ ഇൻട്രോഡക്ഷൻ ടു കമ്പാരറ്റീവ് പൊളിറ്റിക്സ് എന്ന പേപ്പറും ഉൾപ്പെടുത്തി പരിഷ്ക്കരിച്ചു. പരീക്ഷകൾ യഥാക്രമം മാർച്ച് ആറ്, 17 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/244/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമെസ്റ്റർ സി.ബി.സി.എസ്.എസ് (2015,2016 അഡ്മിഷനുകൾ റീ-അപ്പിയറൻസ്, 2013,2014 അഡ്മിഷൻ മെഴ്സി ചാൻസ്), ഒന്നാം സെമെസ്റ്റർ സി.ബി.സി.എസ്.എസ് - ബി.എസ്.സി സൈബർ ഫോറൻസിക് (20152018 അഡ്മിഷനുകൾ റീ-അപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 17 മുതൽ 22 വരെ അപേക്ഷ സമർപ്പിക്കാം.

പിഴയോടു കൂടി മാർച്ച് 23 നും സൂപ്പർ ഫൈനോടു കൂടി മാർച്ച് 24 മുതൽ 28 വരെയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/245/2023)

## പരീക്ഷാ തീയതി

ഒന്നാം സെമെസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് (2022 അഡ്മിഷൻ റഗുലർ, 2021,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ മാർച്ച് 17ന് തുടങ്ങും. ടൈം ടേബിൾ വെബ്സൈറ്റിൽ.
..............................

ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (20082014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ബിരുദ പരീക്ഷകളുടെ ഒന്നാം വർഷ പരീക്ഷകൾ മാർച്ച് 22നും രണ്ടാം വർഷ പരീക്ഷകൾ ഏപ്രിൽ 10നും മൂന്നാം വർഷ പരീക്ഷകൾ മെയ് അഞ്ചിനും തുടങ്ങും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/246/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമെസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെക്നോളജി (2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ഫെബ്രുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ(എ.ഒ.സി) പരീക്ഷകൾ മാർച്ച് ആറിന് പാലാ, സെൻറ് തോമസ് കോളജിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.
............................

അഞ്ചാം സെമെസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ആൻറ് ഓട്ടോമേഷൻ (2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ജനുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് ഏഴു മുതൽ അതത് കോളജുകളിൽ നടത്തും. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/247/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടന്ന രണ്ടാം സെമെസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി പരീക്ഷാഫലം  പ്രസിദ്ധീകരിച്ചു.

സൂക്ഷ്മ പരിശോധനയ്ക്ക് നിശ്ചിത ഫീസ് അടച്ച്  മാർച്ച് 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/248/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**